# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **6130** 20/11/2019-ൽ മറുപടിയ്ക്ക്

## <u>ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| **(എ)** | പട്ടികജാതി - പട്ടികവർഗ്ഗ കോളനി കളിലെ ജീവിത നിലവാരം ഉയർത്തു ന്നതിനായി സർക്കാർ ആവിഷ്കരി ച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് എന്നറിയിക്കാമോ? | **(എ)** | പട്ടികജാതി കോളനികളിലെ ജീവിത നിലവാരം ഉയർത്തുന്നതിനായി 2016-17 സാമ്പത്തിക വർഷം മുതൽ **<u>അംബേദ്കർ ഗ്രാമം പദ്ധതി</u>** നടപ്പിലാക്കി വരുന്നു. കൂടാതെ **<u>കോർപ്പസ് ഫണ്ട് പദ്ധതിയിൽ</u>** ഉൾപ്പെടുത്തി പട്ടികജാതി കോളനികളിൽ ഫീസിബിലിറ്റി ഉറപ്പാക്കി താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>1. **കുടിവെള്ള വിതരണം** - പട്ടികജാതി വിഭാഗക്കാർക്ക് വ്യക്തിഗത കണക്ഷൻ.<br>2. **ഗതാഗത സൗകര്യ വികസനം** - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് നിർമ്മാണം.<br>3. **വൈദ്യുതി വിതരണം** - പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനികൾക്കുള്ളിലെ വഴി വിളക്കുകൾ.<br>4. **പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതി** ക്ക് വിദ്യാഭ്യാസം / സാംസ്കാരികം/ കായികം തുടങ്ങിയവയ്ക്ക് ഉതകുന്ന DIET തയ്യാറാക്കുന്ന പ്രോജക്ടുകൾ.<br>5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നു. |

പട്ടികവർഗ്ഗ കോളനികളിലെ ജീവിത നിലവാരം ഉയർത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **സാമൂഹിക പഠന മുറി**
2. **ഗോത്രബന്ധു**
3. **അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**

   എ) കോളനികളുടെ സമഗ്രവികസനം

   ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി.

   സി) പി.കെ. കാളൻ കുടുംബപദ്ധതി
4. **ഗോത്രവാത്സല്യ നിധി**
5. **വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം**
6. **സമ്പൂർണ്ണ വൈദ്യുതീകരണം**
7. **കിഫ്ബി മുഖേന നടപ്പിലാക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ.**
8. **മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ**
9. **ഗോത്രജീവിക**
10. **സമഗ്ര-ആദിവാസി സാക്ഷരത പരിപാടി.**
11. **ഗോത്രരശ്മി - സാമൂഹിക ശാക്തീകരണ പരിപാടി.**
12. **മില്ലറ്റ് വില്ലേജ് - അട്ടപ്പാടി.**
13. **പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം**
14. **കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതി.**
15. **മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ.**
16. **കരിയർഗൈഡൻസ് ജോബ് ഫെയർ**
17. **അട്ടപ്പാടി ട്രൈബൽ അപ്പാരൽപാർക്ക്**
18. **ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് നടപടികൾ**

| | | | |
|---|---|---|---|
| (ബി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എതെല്ലാം പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ ആണ് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്നും നേരത്തെ തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതിയുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണ് എന്നും അറിയിക്കാമോ ? | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2019-20 അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചാലക്കുടി നിയോജക മണ്ഡലത്തിൽ നിന്നും കുറ്റിച്ചിറ വെസ്റ്റ് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>2016-17 അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>**I. <u>പുലിപ്പാറക്കുന്ന് കോളനി</u>**<br>1. പൊതുകിണറുകളുടെ നവീകരണം - പൂർത്തീകരിച്ചു.<br>2. കമ്മ്യൂണിറ്റി ഹാളിനുവേണ്ടിയുള്ള കുഴൽ കിണർ നിർമ്മാണം, 5000 ലിറ്റർ ഓവർ ഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം - 50% പൂർത്തീകരിച്ചു.<br>3. ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചു.<br>4. പട്ടികജാതി വിഭാഗം വീട്ടുകളിലേക്ക് പിവിസി വാട്ടർ ടാങ്കും വാട്ടർ കണക്ഷനും നൽകുന്നതിന് മുഴുവൻ പട്ടികജാതി വിഭാഗം വീട്ടുകളിലേക്കും 500 ലി. പിവിസി വാട്ടർ ടാങ്ക് നൽകി. വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പ്രവർത്തികൾ നടന്നുവരുന്നു.<br>5. വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം - 40% പൂർത്തീകരിച്ചു.<br>6. കോൺക്രീറ്റ് റോഡ് നിർമ്മാണം - പൂർത്തീകരിച്ചു.<br><br>**II. <u>കുറ്റിച്ചിറ (അംബേദ്കർ വെസ്റ്റ്)</u>**<br>1. ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചു.<br>2. കാനാ നിർമ്മാണം - 95% പൂർത്തീകരിച്ചു<br>3. കോൺക്രീറ്റ് റോഡ് - 75% പൂർത്തീകരിച്ചു<br>4. പിവിസി ടാങ്കുകളുടെ വിതരണം - 118, പിവിസി വാട്ടർ ടാങ്കുകൾ (500 ലി.) വിതരണം ചെയ്തു. ആയതിന്റെ പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചു.<br>5. പൊതുകിണറിന്റെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചു.<br><br>**III. കാലിക്കൽ കുന്ന് കോളനി, കാഞ്ഞിരപ്പിള്ളി കോളനി എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.** നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ചുവടെ പറയുന്ന കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>1. **രണ്ടുകൈ**<br>2. **മാരംകോട്**<br>3. **പെരിങ്ങൽകുത്ത്**<br>4. **ആനക്കയം**<br>ഇതിൽ പ്രളയവും ഉരുൾപൊട്ടലും കാരണം ആനക്കയം കോളനി നിവാസികൾ ഒഴിഞ്ഞ് പോയതിനാൽ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണ്. ശേഷിക്കുന്ന കോളനികളുടെ പുരോഗതി വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - പുരോഗതി റിപ്പോർട്ട് | | | | | | |
|---|---|---|---|---|---|---|
| നിർവ്വഹണ ഏജൻസി : നിർമ്മിതി കേന്ദ്ര, തൃശ്ശൂർ. | | | | | | |
| ക്രമ നമ്പർ | കോളനിയുടെ പേര് | MOU ഒപ്പ് വച്ച തീയതി | ഏജൻസിക്ക് അനുവദിച്ച തുക | M.O.U പ്രകാരം പ്രവർത്തനം പൂർത്തീകരിക്കാനുള്ള സമയ പരിധി | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ | പ്രവർത്തികളുടെ പുരോഗതി |
| 1 | ആനക്കയം | 31.03.18 | 20,00,000 | 31.03.19 | 1. വീട് പുനരുദ്ധാരണം<br>2. കുടിവെള്ള വിതരണം<br>3. അംഗൻ വാടി പുനരുദ്ധാരണം<br>4. കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | പ്രളയവും ഉരുൾപൊട്ടലും കാരണം കോളനി നിവാസികൾ ഒഴിഞ്ഞു പോയതിനാൽ നിർമ്മാണ പ്രവർത്തികൾ നിർത്തി വച്ചിരിക്കുകയാണ്. |
| 2 | പെരിങ്ങൽക്കുത്ത് | 31.03.18 | 20,00,000 | 31.03.19 | 1. കോളനി റോഡ്<br>2. അംഗൻ വാടി പുനരുദ്ധാരണം<br>3. കുടിവെള്ള വിതരണം.<br>4. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം<br>5. കമ്മ്യൂണിറ്റിഹാൾ ഇലക്ട്രിഫിക്കേഷൻ. | 1. റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചു<br>2. അംഗൻ വാടി പുനരുദ്ധാരണം പൂർത്തീകരിച്ചു.<br>3. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു<br>4. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - റൂഫ് കോൺക്രീറ്റ് ചെയ്തു. ബ്രിക്ക് വർക്ക് ആരംഭിച്ചു.<br>5. കമ്മ്യൂണിറ്റിഹാൾ ഇലക്ട്രിഫിക്കേഷൻ - കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിനുശേഷം മാത്രമേ പ്രവർത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| 3 | മാരാംകോട് | 31.03.18 | 20,00,000 | 31.03.19 | 1. ശ്മശാനം, ചുറ്റുമതിൽ<br>2. കമ്മ്യൂണിറ്റിഹാൾ നിർമ്മാണം<br>3. റോഡ് കോൺക്രീറ്റിംഗ്<br>4. അഴുക്ക് ചാൽ നിർമ്മാണം | 1. ശ്മശാനം ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു ശ്മശാന കെട്ടിടത്തിന്റെ പ്രവർത്തികൾ പൂർത്തീകരിക്കുന്നു.<br>2. കമ്മ്യൂണിറ്റിഹാൾ നിർമ്മാണം റൂഫ് സ്ലാബ് കോൺക്രീറ്റ് ചെയ്തു.<br>3. കോൺക്രീറ്റ് റോഡ് നിർമ്മാണം - റോഡിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തീകരിച്ചു. മറ്റു റോഡുകളുടെ പണികൾ പുരോഗമിക്കുന്നു.<br>4. അഴുക്കുചാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 4. | രണ്ടുകൈ. | 31.03.18 | 20,00,000 | 31.03.19 | 1. കുളത്തിന്റെ സൈഡ് കെട്ടൽ<br>2. കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം<br>3. പൊതുകിണർ സംരക്ഷണം<br>4. റോഡ് കോൺക്രീറ്റ്<br>5. തോടിന്റെ സൈഡ് കെട്ടൽ<br>6. റോഡ് നിർമ്മാണം | 1. സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾ പൂർത്തീകരിച്ചു.<br>2. കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം പ്രവർത്തികൾ പൂർത്തീകരിച്ചു<br>3. പൊതുകിണറിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.<br>4. കോൺക്രീറ്റ് റോഡ് നിർമ്മാണം 60% പൂർത്തീകരിച്ചു. പ്രവർത്തികൾ പുരോഗമിക്കുന്നു.<br>5. തോടിന്റെ പണികൾ പൂർത്തീകരിച്ചു.<br>6. ചുളക്കടവ് റോഡ് നിർമ്മാണം പുരോഗമിക്കുന്നു. |

സെക്രട്ടറി മെമ്പർ